## പതിനാലാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 107

**28.06.2016-ൽ മറുപടിക്ക്.**

### അരൂരിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.എം. ആരിഫ് | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ)അരൂരിലെ വ്യവസായ മേഖലകളിൽ തീപിടുത്തം അമോണിയാ ചോർച്ച ഉൾപ്പെടെ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര തവണ അപകടം നടന്നുവെന്ന് ഫയർ & റസ്ക്യൂ രേഖകളിൽ നിന്നും വ്യക്തമാക്കുമോ ; | എ) അരൂരിലെ വ്യവസായ മേഖലകളിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 26 തവണ (തീപിടുത്തം -22, അമോണിയ ചോർച്ച - 4) അപകടം നടന്നിട്ടുള്ളതാകുന്നു. |
| (ബി)അപകടങ്ങൾ ആവർത്തിക്കുന്നത് പരിഗണിച്ച് എം.പി., എം.എൽ.എ ഉൾപ്പെടെയുള്ളവർ ജില്ലാകളക്ടകറുടെ യോഗം വിളിച്ചു ചേർത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പഴയ പോലീസ് സ്റ്റേഷൻ നിന്നിരുന്ന സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അനുവദിക്കുന്നതിന് എം.എൽ.എ ആവശ്യപ്പെട്ടപ്രകാരം ആഭ്യന്തര വ്യവസായ മന്ത്രിമാർ ബന്ധപ്പെട്ട വകുപ്പു സെക്രട്ടറിമാർ ഉൾപ്പെടെ യോഗം ചേർന്ന് തീരുമാനിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ഡി) അരൂർ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് വേണ്ടിയുള്ള അരൂർ എം.എൽ.എ.യുടെ സബ്മിഷന് കഴിഞ്ഞ സർക്കാരിന്റെ വകുപ്പ് മന്ത്രി സഭയിൽ നൽകിയ മറുപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

V.Beena

സെക്ഷൻ ഓഫീസർ